ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 20.08.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. പാർലമെൻറിൽ ഇന്നും പ്രതിപക്ഷ ബഹളം. ഇരുസഭകളിലും നടപടിക്രമങ്ങൾ രണ്ട് മണി വരെ നിർത്തിവച്ചു.
   **Both the Houses of the parliament have been adjourned till 2:00 PM following opposition parties' uproar over various issues including Special Intensive Revision of electoral roll in Bihar.**
2. ഓൺലൈൻ ഗെയിമിങ് ബിൽ കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് ഇന്ന് ലോക്സഭയിൽ അവതരിപ്പിച്ചു. ജമ്മു കശ്മീർ പുനസംഘടനാ ഭേദഗതി ബില്ലും സഭ പരിഗണിക്കും.
   **Electronics and IT Minister Ashwini Vaishnaw today introduced the Promotion and Regulation of Online Gaming Bill, 2025 in the Lok Sabha. Union Home Minister Amit Shah will introduce the Jammu and Kashmir Reorganisation (Amendment) Bill, 2025 in the Lok Sabha today.**
3. ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പിനായി എൻഡിഎ സ്ഥാനാർഥി സി.പി രാധാകൃഷ്ണൻ ഇന്ന് നാമനിർദ്ദേശ പത്രിക സമർപ്പിച്ചു.
   **NDA's Vice Presidential candidate C P Radhakrishnan today filed his nomination at Parliament House.**
4. ഉഭയകക്ഷി ചർച്ചകൾക്കുള്ള എല്ലാ വേദികളും പ്രയോജനപ്പെടുത്താൻ ഇന്ത്യയും ചൈനയുമിടയിൽ ധാരണ.
   **India and China have agreed to explore and resume various official bilateral dialogue mechanisms and exchanges during bilateral talks**

**between Chinese Foreign Minister Wang Yi's and External Affairs Minister Dr. S. Jaishankar in New Delhi.**

5. **അമീബിക് മസ്തിഷ്ക ജ്വരത്തിനെതിരെ സംസ്ഥാനത്ത് കർശന ജാഗ്രത തുടരുന്നു; രോഗ ലക്ഷണങ്ങളോടെ ഒരു കുട്ടി കൂടി കോഴിക്കോട് ചികിത്സയിൽ.**

   **Strict vigilance continues in Kerala against amoebic meningoencephalitis. One more child with symptoms is undergoing treatment in Kozhikode.**

6. **മുംബൈ നഗരത്തിൽ കനത്തമഴയ്ക്ക് നേരിയ ശമനം. ഗതാഗത സംവിധാനങ്ങൾ സാധാരണ നിലയിലേക്ക്.**

   **After a day of heavy downpour, Mumbai experienced light rains today morning. Suburban train services on the Central, Western, and Harbour lines, as well as bus services, are operating smoothly.**

&&&&&&&&&&&&&&&&&&&&&&&

## PARLIAMENT (INTRO)

ബിഹാർ തീവ്ര വോട്ടർ പട്ടിക പരിഷ്കരണം ഉൾപ്പെടെ വിവിധ വിഷയങ്ങളിലെ പ്രതിപക്ഷ പ്രതിഷേധത്തെ തുടർന്ന് പാർലമെന്റിൽ ഇന്നും നടപടികൾ തടസ്സപ്പെട്ടു. ഇരുസഭകളും രണ്ട് മണി വരെ നിർത്തിവെച്ചിരിക്കുകയാണ്. ലോക്സഭയിൽ ചോദ്യോത്തര വേള ആരംഭിച്ചപ്പോൾ തന്നെ പ്രതിപക്ഷ അംഗങ്ങൾ മുദ്രാവാക്യം വിളിച്ച് സഭയുടെ നടുത്തളത്തിലിറങ്ങി. ചോദ്യോത്തര വേളയോട് സഹകരിക്കണമെന്നും ജനാധിപത്യ മൂല്യങ്ങൾക്കനുസരിച്ച് അംഗങ്ങൾ പെരുമാറണമെന്നും സ്പീക്കർ ഓം ബിർള അഭ്യർത്ഥിച്ചെങ്കിലും പ്രതിപക്ഷം വഴങ്ങിയില്ല. (വോയ്സ്)

തുടർന്ന് നിർത്തിവച്ച സഭാനടപടികൾ 12 മണിക്ക് പുനരാരംഭിച്ചെങ്കിലും പ്രതിപക്ഷം പ്രതിഷേധം തുടർന്ന സാഹചര്യത്തിൽ 2 മണി വരെ നിർത്തി വയ്ക്കുകയായിരുന്നു. രാജ്യസഭയിലും സമാനമായ പ്രതിഷേധ രംഗങ്ങളാണ് അരങ്ങേറിയത്. വിവിധ വിഷയങ്ങളിൽ പ്രതിപക്ഷം കൊണ്ടുവന്ന 18 അടിയന്തര പ്രമേയ നോട്ടീസുകൾ, റൂളിംഗിന്റെ അടിസ്ഥാനത്തിൽ

തള്ളിയതായി സഭാ ഉപാധ്യക്ഷൻ ഹരിവൻഷ് അറിയിച്ചു. ഇതേ തുടർന്ന് പ്രതിപക്ഷ അംഗങ്ങൾ മുദ്രാവാക്യം വിളിക്കാൻ തുടങ്ങി. തുടർന്ന് 12 മണിവരെ നിർത്തിവച്ച സഭാനടപടികൾ പുനരാരംഭിച്ചെങ്കിലും പ്രതിഷേധം തുടർന്ന സാഹചര്യത്തിൽ വീണ്ടും നിർത്തിവെക്കുകയായിരുന്നു.

&&&&&&&&&&&&&&&&&&&&&&&

## LS PARL BILLS

പ്രതിപക്ഷ ബഹളത്തിനിടെ, ഓൺലൈൻ ഗെയിമിങ് ബിൽ കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് ലോക്സഭയിൽ അവതരിപ്പിച്ചു. ഓൺലൈൻ ഗെയിമിങ്ങിന് നിയന്ത്രണങ്ങൾക്ക് വിധേയമായി പ്രോത്സാഹനം നൽകുകയാണ് ബില്ലിൻറെ ലക്ഷ്യം. ഗെയിമിങ്ങിൻറെ സാമൂഹിക, സാമ്പത്തിക പ്രത്യാഘാതത്തിൽ നിന്നും യുവജനങ്ങളെ സംരക്ഷിക്കാനും ഇതിലൂടെ ലക്ഷ്യമിടുന്നു. ജമ്മു കശ്മീർ പുനസംഘടനാ ഭേദഗതി ബിൽ കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ഇന്ന് ലോക്സഭയിൽ അവതരിപ്പിക്കും. 2019 ലെ ജമ്മു കശ്മീർ പുന:സംഘടനാ നിയമം ഭേദഗതി ചെയ്യുന്നതാണ് പ്രസ്തുത ബിൽ. 130-ആമത് ഭരണഘടനാ ഭേദഗതി ബിൽ, കേന്ദ്രഭരണ പ്രദേശ ഭരണ ഭേദഗതി ബിൽ എന്നിവയും ശ്രീ അമിത് ഷാ ഇന്ന് ലോക്സഭയിൽ അവതരിപ്പിച്ചേക്കും.

&&&&&&&&&&&&&&&&&&&&&&&

## VP ELECTION

17-ാമത് ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പിനായി എൻഡിഎ സ്ഥാനാർഥി സി.പി രാധാകൃഷ്ണൻ ഇന്ന് നാമനിർദ്ദേശ പത്രിക നൽകി. പ്രധാനമന്ത്രി നരേന്ദ്രമോദി, കേന്ദ്രമന്ത്രിമാരായ രാജ്നാഥ് സിങ്ങ്, അമിത് ഷാ, ജെ പി നഡ്ഡ തുടങ്ങി എൻഡിഎയുടെ മുതിർന്ന നേതാക്കൾക്കൊപ്പമാണ് അദ്ദേഹം പത്രിക സമർപ്പിക്കാനെത്തിയത്. I.N.D.I.A സ്ഥാനാർത്ഥിയായി, സുപ്രീംകോടതി മുൻ ജഡ്ജി ബി സുദർശൻ റെഡ്ഡി നാളെ പത്രിക നൽകും. നാമനിർദേശ പത്രിക നൽകാനുള്ള അവസാന ദിനം നാളെയാണ്. അടുത്തമാസം ഒൻപതിനാണ് ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പ്.

&&&&&&&&&&&&&&&&&&&&&&&

## PM – WANG YI

ഇന്ത്യയും ചൈനയും തമ്മിലുള്ള സുസ്ഥിരവും ക്രിയാത്മകവുമായ ബന്ധം ആഗോള സമാധാനത്തിനും സമൃദ്ധിക്കും ഗണ്യമായ സംഭാവന നൽകുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ന്യൂഡൽഹിയിൽ, ചൈനീസ് വിദേശകാര്യ മന്ത്രി വാങ് യിയുമായി കൂടിക്കാഴ്ച നടത്തുകയായിരുന്നു അദ്ദേഹം. ഇന്ത്യ-ചൈന അതിർത്തിയിൽ സമാധാനവും ശാന്തിയും നിലനിർത്തണമെന്നും, നീതിപൂർണ്ണവും പരസ്പര സ്വീകാര്യവുമായ പരിഹാരത്തിന് ഇന്ത്യ പ്രതിജ്ഞാബദ്ധമാണെന്നും പ്രധാനമന്ത്രി പറഞ്ഞു. ചൈനയിൽ നടക്കാനിരിക്കുന്ന ഷാങ്ഹായ് സഹകരണ സംഘടനാ ഉച്ചകോടിയിലേക്കുള്ള ചൈനീസ് പ്രസിഡന്റിന്റെ ക്ഷണം, വാങ് യി പ്രധാനമന്ത്രിക്ക് കൈമാറി. ഇന്ത്യയ്ക്കും ചൈനയ്ക്കുമിടയിലെ വിമാന ഗതാഗതം പുനരാരംഭിക്കാൻ, വിദേശകാര്യമന്ത്രി എസ് ജയശങ്കറും, ചൈനീസ് വിദേശകാര്യമന്ത്രിയും തമ്മിൽ നടന്ന ചർച്ചയിൽ ധാരണയായിരുന്നു. ഉഭയകക്ഷി ചർച്ചകൾക്കുള്ള എല്ലാ വേദികളും പ്രയോജനപ്പെടുത്താനും ഇരുരാജ്യങ്ങൾക്കുമിടയിൽ ധാരണയായി. ടൂറിസ്റ്റ് വീസ, വ്യാപാര, മാധ്യമ രംഗങ്ങളിലെ സഹകരണം എന്നിവയിലും സമവായത്തിലെത്താൻ ചർച്ചയിലൂടെ സാധിച്ചിട്ടുണ്ട്. ലിപുലേഖ് പാസ്, ഷിപ്കി ല പാസ്, നാഥു ലാ പാസ് എന്നീ മൂന്ന് നിർദ്ദിഷ്ട പാതകളിലൂടെ അതിർത്തി കടന്നുള്ള വ്യാപാരം പുനരാരംഭിക്കാനും തീരുമാനമായിട്ടുണ്ട്.

&&&&&&&&&&&&&&&&&&&&&&&

## JAISHANKAR – RUSSIA

മോസ്കോയിൽ നടക്കുന്ന ഇന്ത്യ-റഷ്യ ഇന്റർ-ഗവൺമെന്റൽ കമ്മീഷൻ്റെ 26-ാമത് സമ്മേളനത്തിൽ വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ ഇന്ന് സഹ-അധ്യക്ഷത വഹിക്കും. ഇന്ത്യ-റഷ്യ ബിസിനസ് ഫോറത്തെയും അദ്ദേഹം അഭിസംബോധന ചെയ്യും. റഷ്യൻ വിദേശകാര്യ മന്ത്രി സെർജി ലാവ്റോവുമായി ശ്രീ ജയ്ശങ്കർ പ്രാദേശിക, ആഗോള വിഷയങ്ങളിൽ ചർച്ച നടത്തും. മൂന്ന് ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിനായി വിദേശകാര്യ മന്ത്രി ഇന്നലെ വൈകുന്നേരമാണ് മോസ്കോയിലെത്തിയത്.

&&&&&&&&&&&&&&&&&&&&&&&

## REKHA GUPTA ATTACK EARLY

ഡൽഹി മുഖ്യമന്ത്രി രേഖ ഗുപ്തയ്ക്ക് നേരെ ആക്രമണം. മുഖ്യമന്ത്രിയുടെ വസതിയിൽ നടന്ന ജൻ സുൻവായ് പരിപാടിക്കിടെ ഇന്ന് രാവിലെയാണ് സംഭവം. അക്രമിയെ സംഭവസ്ഥലത്തുണ്ടായിരുന്നവർ പിടികൂടി പോലീസിന് കൈമാറി. ശ്രീമതി രേഖാ ഗുപ്തയുടെ ആരോഗ്യ നിലയിൽ ആശങ്കപ്പെടാനൊന്നുമില്ലെന്ന് ഡോക്ടർമാർ അറിയിച്ചു. സംഭവത്തെ ബി ജെ പിയും എഎപിയും ഉൾപ്പെടെയുള്ള രാഷ്ട്രീയ പാർട്ടികൾ ശക്തമായി അപലപിച്ചു.

&&&&&&&&&&&&&&&&&&&&&&&

## KOZHIKODE (INTRO)

അമീബിക് മസ്തിഷ്ക ജ്വര ലക്ഷണങ്ങളോടെ ഒരു കുട്ടിയെ കൂടി കോഴിക്കോട് മെഡിക്കൽ കോളേജിൽ പ്രവേശിപ്പിച്ചു. കൂടുതൽ പേർക്ക് രോഗലക്ഷണങ്ങൾ പ്രകടമായതോടെ ജാഗ്രത ശക്തമാക്കിയിരിക്കുകയാണ് ആരോഗ്യ വകുപ്പ്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു.

(വോയിസ്)

&&&&&&&&&&&&&&&&&&&&&&&

## AMIT SHAH - KERALA

ബിജെപി മുതിർന്ന നേതാവും കേന്ദ്ര ആഭ്യന്തര മന്ത്രിയുമായ അമിത് ഷാ വെള്ളിയാഴ്ച കേരളത്തിലെത്തും. കൊച്ചിയിൽ ബിജെപി സംസ്ഥാന നേതൃയോഗം അദ്ദേഹം ഉദ്ഘാടനം ചെയ്യും.

&&&&&&&&&&&&&&&&&&&&&&&

## MODI-RAJIV

മുൻ പ്രധാനമന്ത്രി രാജീവ് ഗാന്ധിയുടെ ജന്മവാർഷിക ദിനത്തിൽ ശ്രദ്ധാഞ്ജലി അർപ്പിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി . രാജീവ് ഗാന്ധിയുടെ ജന്മദിനം സദ്ഭാവനാ ദിനമായാണ് രാജ്യം ആചരിക്കുന്നത് . സദ്ഭാവനാ ദിനാചരണത്തിൻറെ ഭാഗമായി തിരുവനന്തപുരത്തെ കെപിസിസി ആസ്ഥാനത്ത്,പുഷ്പാർച്ചനയും അനുസ്മരണ ചടങ്ങും നടന്നു.

കെ.പി.സിസി അധ്യക്ഷൻ സണ്ണി ജോസഫ്, മുതിർന്ന കോൺഗ്രസ് നേതാക്കൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

&&&&&&&&&&&&&&&&&&&&&&&

## MUMBAI RAIN

മുംബൈ നഗരത്തിൽ കനത്തമഴയ്ക്ക് നേരിയ ശമനം. എന്നാൽ മുംബൈ, താനെ, പാൽഘർ കൊങ്കൺ, മേഖലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഇന്ന് ഓറഞ്ച് ജാഗ്രത നൽകിയിട്ടുണ്ട്. സബർബൻ ട്രെയിൻ സർവീസുകൾക്കും, ബസ് ഗതാഗതത്തിനും തടസ്സം അനുഭവപ്പെടുന്നില്ല. റായ്ഗഡിൽ ഇന്നും ചുവപ്പു ജാഗ്രതയാണ്. പനവേൽ മേഖലയിലെ സ്കൂളുകൾക്ക് ഇന്ന് അവധി പ്രഖ്യാപിച്ചു. പൂനെയിലെ ഘാട്ട് മേഖലകളിലും ഇന്ന് ചുവപ്പ് ജാഗ്രത നൽകിയിട്ടുണ്ട്. കഴിഞ്ഞ ദിവസങ്ങളിലുണ്ടായ ശക്തമായ മഴയിലും വെള്ളപ്പൊക്കത്തിലും മഹാരാഷ്ട്രയിൽ 21-ലേറെപ്പേർ മരിച്ചതായാണ് കണക്കുകൾ. വെള്ളപ്പൊക്കം രൂക്ഷമായ നന്ദേഡ് ജില്ലയിൽ എട്ട് പേർക്കാണ് ജീവൻ നഷ്ടമായത്.

&&&&&&&&&&&&&&&&&&&&&&&

## HIMACHAL WEATHER

ഹിമാചൽ പ്രദേശിൻറെ വിവിധ മേഖലകളിൽ കനത്ത മഴ ഇന്നും തുടരുകയാണ്. കുളുവിലെ പീജ് ഹില്ലിൽ ഇന്ന് പുലർച്ചെയുണ്ടായ മേഘവിസ്ഫോടനത്തെ തുടർന്ന് വലിയ പാറകളും, മറ്റ് അവശിഷ്ടങ്ങളും ശാസ്ത്രി നഗർ ജനവാസ മേഖലയിലേക്ക് ഒഴുകിയെത്തി നിരവധി വാഹനങ്ങൾക്ക് കേടുപാട് സംഭവിച്ചു. മണാലി സബ്ഡിവിഷനിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് അവധി പ്രഖ്യാപിച്ചിട്ടുണ്ട്. മണ്ണിടിച്ചിലിനെ തുടർന്ന് ഹിമാചലിൽ ഒരു ദേശീയ പാതയടക്കം 356 റോഡുകൾ അടച്ചിരിക്കുകയാണ്.

&&&&&&&&&&&&&&&&&&&&&&&

## PM – MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 31 ന്. മൻ കി ബാത്തിന്റെ 125-

ാാം പതിപ്പാണിത്. പരിപാടിയിലേക്കുള്ള ആശയങ്ങളും, അഭിപ്രായങ്ങളും 1800-11-7800 എന്ന ടോൾഫ്രീ നമ്പരിലൂടെയും, നരേന്ദ്രമോദി ആപ്പ്, MyGov ഓപ്പൺ ഫോറം എന്നിവയിലൂടെയും ഈ മാസം 29 വരെ പങ്കുവയ്ക്കാം.

&&&&&&&&&&&&&&&&&&&&&&&

## SENSEX

രാജ്യത്തെ ഓഹരിവിപണികൾ നേട്ടത്തിൽ വ്യാപാരം തുടരുന്നു . സെൻസെക്സ് 209 പോയിൻറ് ഉയർന്ന് 81,854 ലും നിഫ്റ്റി 70 പോയിൻറ് വർധിച്ച് 25,050 വ്യാപാരം പുരോഗമിക്കുന്നത്. സ്വർണവില കുറഞ്ഞു . പവന് 440 രൂപ കുറഞ്ഞ് 73,440 രൂപയും ഗ്രാമിന് 9,180 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&&&&&&

## U20 WRESTLING C-SHIPS

അണ്ടർ 20 ലോക ഗുസ്തി ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ സുമിത് മാലിക്കിന് വെള്ളി. ബൾഗേറിയയിൽ നടന്ന പുരുഷന്മാരുടെ 57 കിലോ വിഭാഗത്തിൽ റഷ്യൻ താരത്തോടാണ് സുമിത് പരാജയപ്പെട്ടത് . വനിതകളുടെ 68 കിലോ വിഭാഗത്തിൽ സൃഷ്ടിയും 57 കിലോ വിഭാഗത്തിൽ തപസ്യയും ഫൈനലിൽ പ്രവേശിച്ചു.

&&&&&&&&&&&&&&&&&&&&&&&

## ASIAN SHOOTING CHAMPIONSHIP

കസാക്കിസ്ഥാനിൽ നടക്കുന്ന പതിനാറാമത് ഏഷ്യൻ ഷൂട്ടിംഗ് ചാമ്പ്യൻഷിപ്പ്, ജൂനിയർ വനിതാ എയർ പിസ്റ്റൾ വിഭാഗത്തിൽ ഇന്ത്യയുടെ രശ്മിക സഹ്ഗലിന് സ്വർണ്ണം. 10 മീറ്റർ എയർ പിസ്റ്റൾ യൂത്ത് വനിതാ വിഭാഗത്തിൽ ഇന്ത്യയുടെ കനക് ബുധ്വാർ സ്വർണ്ണവും, അഗം ഗ്രെവാൾ വെള്ളിയും നേടി. ടീം വിഭാഗത്തിലും ഇന്ത്യ സ്വർണ മെഡൽ കരസ്ഥമാക്കി.

&&&&&&&&&&&&&&&&&&&&&&&

## ISRAEL-HOSTAGE

ഗാസയിൽ ഹമാസ് ബന്ദികളാക്കി വച്ചിരിക്കുന്ന അമ്പതു പേരെയും മോചിപ്പിക്കണമെന്ന ആവശ്യവുമായി ഇസ്രായേൽ. ഗാസയിലെ വെടിനിർത്തൽ സംബന്ധിച്ച നിർദേശം ഇസ്രായേൽ അംഗീകരിക്കുമോ എന്ന കാര്യത്തിൽ സംശയം തോന്നിപ്പിക്കുന്നതാണ് പുതിയ ആവശ്യം. അറുപതു ദിവസത്തെ വെടിനിർത്തലിന് ഹമാസ് കഴിഞ്ഞ ദിവസം സമ്മതം അറിയിച്ചിരുന്നു. ബന്ദികളിൽ പകുതിപ്പേരെ വിട്ടയക്കാനാണ് ഹമാസിനോട് ഖത്തറും ഈജിപ്തും മുന്നോട്ടുവച്ച നിർദ്ദേശം.

&&&&&&&&&&&&&&&&&&&&&&&